**ഭരണഭാഷ – മാതൃഭാഷ**

എൽ.ആർ.(ബി2)-7290/16

ലാൻഡ് റവന്യൂ കമ്മീഷണറുടെ കാര്യാലയം
പബ്ലിക് ഓഫീസ് ബിൽഡിംഗ്സ്
മ്യൂസിയം പി.ഒ, തിരുവനന്തപുരം-33
ഫോൺ നമ്പർ :0471-2321229, 8547610002.
ഇ-മെയിൽ -*lrbclrtvm@gmail.com*

തീയതി : 21/04/2017

# സർക്കുലർ

വിഷയം : റവന്യൂ വകുപ്പ് - ആർ.ആർ ഓൺലൈൻ സോഫ്റ്റ് വെയർ നടപ്പിലാക്കിയത് - ഡിമാന്റ് നോട്ടീസ് പ്രകാരം വില്ലേജ് ഓഫീസുകളിൽ തുക ഈടാക്കുന്നതിൽ അപാകത വന്നത് - പരിഹരിക്കുന്നത് - നിർദ്ദേശം - സംബന്ധിച്ച്.

പരാമർശം :

കേരളാ റവന്യൂ റിക്കവറി ആക്ട് 1968 പ്രകാരം റവന്യൂ റിക്കവറി നടപടികൾക്കായി സംസ്ഥാനമൊട്ടാകെ 01.01.2017 മുതൽ ആർ.ആർ ഓൺലൈൻ മുഖാന്തിരം മാത്രം റിക്വിസിഷനുകൾ സ്വീകരിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിരുന്നു. സെയിൽ ടാക്സ് വകുപ്പിന്റെ റിക്വിസിഷന്റെ അടിസ്ഥാനത്തിൽ ആർ.ആർ ഓൺലൈൻ സോഫ്റ്റ് വെയറിൽ കാണിക്കുന്ന കുടിശ്ശിക തുകയേക്കാൾ കൂടുതൽ തുക വില്ലേജ് ഓഫീസർ കുടിശ്ശികക്കാരനിൽ നിന്നും പിരിച്ചെടുത്ത് ട്രഷറിയിൽ ഒടുക്കിയിരുന്നു. ഇങ്ങനെ അധികമായി പിരിച്ചെടുത്ത തുക സോഫ്റ്റ് വെയറിൽ ഉൾപ്പെടുത്തുവാൻ കഴിയുന്നില്ലായെന്ന് ജില്ലയിൽ നിന്നും അറിയിച്ചിരുന്നു. സോഫ്റ്റ് വെയറിൽ എത്ര തുകയാണ് കാണിക്കുന്നതെന്ന് പരിശോധിക്കാതിരുന്നതിനാലാണ് മേൽ സൂചിപ്പിച്ച അപാകത വരുവാനിടയായത്. ഇത്തരം കേസ്സുകൾ പരിശോധിച്ചതിൽ ഇങ്ങനെ അധികമായി തുക ഈടാക്കിയത് പലിശ ഈടാക്കുന്നതിൽ വന്ന പിശക് മൂലമാണെന്ന് മനസ്സിലാകുന്നു. ആയതിനാൽ ഭാവിയിൽ ഇത്തരം തെറ്റുകൾ ആവർത്തിക്കാതിരിക്കുവാൻ താഴെ പറയുന്ന നിർദ്ദേശങ്ങൾ ബന്ധപ്പെട്ട റവന്യൂ ഉദ്യോഗസ്ഥർ പാലിക്കേണ്ടതാണ്.

- കുടിശ്ശികക്കാരനിൽ നിന്നും തുക പിരിച്ചെടുക്കുന്നതിന് മുൻപായി നിർബന്ധമായും സോഫ്റ്റ് വെയർ പരിശോധിച്ച് തുകയുടെ ആധികാരികത ഉറപ്പുവരുത്തേണ്ടതാണ്.
- ഡിമാന്റ് നോട്ടീസ് പ്രകാരം തുക ഈടാക്കുന്നതിൽ എന്തെങ്കിലും സംശയങ്ങൾ ഉടലെടുക്കുകയാണെങ്കിൽ സോഫ്റ്റ് വെയറിലുള്ള ഫോറം - 25 കൂടി പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്.
- വാണിജ്യ നികുതി കുടിശ്ശിക കേസ്സുകളിൽ സാധാരണ ഗതിയിൽ റിക്വിസിഷനിൽ പറയുന്ന കുടിശ്ശിക തീയതി മുതൽ തുക പിരിച്ചെടുക്കുന്ന തീയതി വരെയുള്ള *Principal Amount* നാണ് പലിശ ഈടാക്കേണ്ടത്. പലിശ ഈടാക്കുന്നത് സംബന്ധിച്ച് റിക്വിസിഷൻ അതോറിറ്റികൾ പ്രത്യേകമായി സൂചനകൾ നൽകുകയാണെങ്കിൽ ആയതു പ്രകാരം പലിശ കണക്കാക്കേണ്ടതാണ്. ആയതിനാൽ തുക ഈടാക്കുന്നിതിന് മുൻപായി സോഫ്റ്റ് വെയർ പരിശോധിച്ച് ഉറപ്പുവരുത്തിയിരിക്കേണ്ടതാണ്.
- പലിശ ഈടാക്കുന്നത് സംബന്ധിച്ച് സോഫ്റ്റ് വെയറിൽ കാണിക്കുന്ന സന്ദേശം കൂടി പരിശോധിക്കേണ്ടതാണ്.

- കുടിശ്ശിക തുക ഈടാക്കിയ തീയതിക്കുശേഷം പിരിവു വിവരം സോഫ്റ്റ് വെയറിൽ ചേർത്താൽ തുകയിൽ വ്യത്യാസം വരുവാനിടയാകും. കാരണം പിരിവു വിവരം ചേർക്കുന്ന തീയതിയുടെ അടിസ്ഥാനത്തിലാണ് പലിശ കണക്കാക്കി സോഫ്റ്റ് വെയറിൽ തുക കാണിക്കുന്നത്. ആയതിനാൽ കുടിശ്ശികക്കാരനിൽ നിന്നും തുക ഈടാക്കുന്ന തീയതിയിൽതന്നെ സോഫ്ററ് വെയറിൽ പിരിവ് വിവരം ചേർക്കേണ്ടതാണ്.
- സോഫ്റ്റ് വെയറിൽ സൂചിപ്പിച്ചിരിക്കുന്ന തുകയിൽ നിന്നും വ്യത്യസ്ഥമായി തുക ഇതിനോടകം പിരിച്ചെടുത്തിട്ടുണ്ടെങ്കിൽ ഇത്തരം കേസ്സുകൾ ഉടൻ തന്നെ വിശദ വിവരങ്ങൾ സഹിതം ജില്ലാ കളക്ടർമാർ റിപ്പോർട്ട് ചെയ്യേണ്ടതാണ്.
- മേൽ പറഞ്ഞ നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.

(ഒപ്പ്)

**കമ്മീഷണർ**

**ലാൻഡ് റവന്യൂ**

പകർപ്പ് :

1) അഡിഷണൽ ചീഫ് സെക്രട്ടറി (റവന്യൂ) (ആമുഖ കത്ത് സഹിതം)
2) കമ്മീഷണർ (സി.എ മുഖേന)
3) ജോയിന്റ് കമ്മീഷണർ (സി.എ മുഖേന)
4) എല്ലാ ജില്ലാ കളക്ടർമാർക്കും
5) എൻ.ഐ.സി, തിരുവനന്തപുരം (ആർ.ആർ ഓൺലൈൻ സോഫ്റ്റ് വെയറിൽ ഉൾപ്പെടുത്തുന്നതിന്)
6) കരുതൽ ഫയൽ

**// അംഗീകാരത്തോടെ //**

**സീനിയർ സൂപ്രണ്ട്**